# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 533 — 11.12.2012 ൽ മറുപടിയ്ക്ക്

### ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്നതിനായി, സഹകരണ സംഘങ്ങൾക്ക് പലിശ സബ്സിഡി ഇനത്തിൽ 100 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത തുക കർഷകരുടെ കൈയിൽ എത്തിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ . | (ബി) | സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നെൽകൃഷി ചെയ്യുന്നതിനുവേണ്ടി വായ്പ എടുത്ത അംഗങ്ങൾ വായ്പ തുക വായ്പാ കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കുകയാണെങ്കിൽ ടി വായ്പകൾക്ക് സഹകരണ സംഘങ്ങൾ കർഷകരിൽ നിന്നും പലിശ ഈടാക്കുന്നില്ല. മുതൽ തുക യഥാസമയം അടച്ച് തീർക്കുന്ന കർഷകരിൽ നിന്നും ലഭിക്കാനുള്ള പലിശ തുക അവരുടെ വായ്പാ കണക്കുകളിൽ വരവ് വച്ചശേഷം റീഇംബേഴ്സ് ചെയ്ത് നൽകാൻ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സംഘത്തിന് പ്രസ്തുത തുക അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (സി) പദ്ധതി നടപ്പിലാക്കുന്നതിനായി പുറപ്പെട്ടു വിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുമോ ? | (സി) പദ്ധതി നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച 28.03.2011 ലെ സ.ഉ (കൈ) നം. 66/2011/സഹ നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്